**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6608** **11-07-2024 - ൽ മറുപടിയ്ക്ക്**

**പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കരാറുകാർ പൊതുമരാമത്ത് പ്രവൃത്തികൾ നീട്ടി കൊണ്ടുപോവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ നിശ്ചിത കാലത്തേയ്ക്ക് ടെണ്ടർ നടപടിയിൽ പങ്കെടുപ്പിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | കരാറുകാരുടെ വീഴ്ച കാരണം പ്രവൃത്തിയിൽ വേണ്ടുന്ന പുരോഗതി കൈവരിക്കാതെ വരുമ്പോൾ, കരാറുകാർക്ക് ബന്ധപ്പെട്ട എഞ്ചിനീയർമാർ നോട്ടീസ് നൽകുകയും പ്രവൃത്തി വേഗത്തിലാക്കുന്നതിന് വിവിധ തലത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കാലതാമസം അകാരണമായി ഉണ്ടാക്കിയത് സംബന്ധിച്ച് കരാറുകാരന് പിഴ ചുമത്തുക, ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുക എന്നീ നടപടികളും സ്വീകരിക്കുന്നുണ്ട്. ബന്ധപ്പെട്ട അധികാരികളുടെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങളും നോട്ടീസുകളും കോൺട്രാക്ടർമാർ പരിഗണിക്കാത്ത അവസരത്തിൽ കരാറുകാരെ SBD/ PWD മാന്വൽ എന്നിവയിലെ നിബന്ധനകൾ പ്രകാരം കരാർ അവസാനിപ്പിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. ഗുരുതര വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ പെടുത്തുകയോ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ/ കരാർ പുതുക്കി നൽകാതിരിക്കുകയോ ചെയ്തു വരുന്നു. ഇത്തരം കരാറുകാർക്ക് പിന്നീടുള്ള ടെണ്ടറുകളിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കില്ല.<br><br>കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിക്കുന്ന അവസരങ്ങളിൽ ടി കരാറുകാരൻ തുടർന്നുള്ള നിശ്ചിത വർഷത്തേക്ക് മറ്റ് പ്രവൃത്തികളുടെ ടെണ്ടറുകളിൽ പങ്കെടുക്കുന്നത് വിലക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മാന്വൽ, SBD എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ പാതി വഴിയിൽ മുടങ്ങുന്നത് മൂലം ഉണ്ടാകുന്ന നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | **കരാറുകാരുടെ വീഴ്ച കാരണം പ്രവൃത്തിയിൽ വേണ്ടുന്ന പുരോഗതി കൈവരിക്കാതെ വരുമ്പോൾ, കരാറുകാർക്ക് ബന്ധപ്പെട്ട എഞ്ചിനീയർമാർ നോട്ടീസ് നൽകുകയും പ്രവൃത്തി വേഗത്തിലാക്കുന്നതിന് വിവിധ തലത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കാലതാമസം അകാരണമായി ഉണ്ടാക്കിയത് സംബന്ധിച്ച് കരാറുകാരന് പിഴ ചുമത്തുക, ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുക എന്നീ നടപടികളും സ്വീകരിക്കുന്നുണ്ട്. ബന്ധപ്പെട്ട അധികാരികളുടെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങളും നോട്ടീസുകളും കോൺട്രാക്ടർമാർ പരിഗണിക്കാത്ത അവസരത്തിൽ കരാറുകാരെ SBD/ PWD മാന്വൽ എന്നിവയിലെ നിബന്ധനകൾ പ്രകാരം കരാർ അവസാനിപ്പിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. ഗുരുതര വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ പെടുത്തുകയോ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ/ കരാർ പുതുക്കി നൽകാതിരിക്കുകയോ ചെയ്തു വരുന്നു. ഇത്തരം കരാറുകാർക്ക് പിന്നീടുള്ള ടെണ്ടറുകളിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കില്ല.**<br><br>**കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനക്രമീകരിക്കുന്ന അവസരങ്ങളിൽ ടി കരാറുകാരൻ തുടർന്നുള്ള നിശ്ചിത വർഷത്തേക്ക് മറ്റ് പ്രവൃത്തികളുടെ ടെണ്ടറുകളിൽ പങ്കെടുക്കുന്നത് വിലക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മാന്വൽ, SBD എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവൃത്തികൾ പാതി വഴിയിൽ മുടങ്ങുന്നത് മൂലം ഉണ്ടാകുന്ന നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കാറുണ്ട്.** |

സെക്ഷൻ ഓഫീസർ